"ഭരണഭാഷ മാതൃഭാഷ"

EXC/5153/16-XA7

എക്സൈസ് കമ്മീഷണറേറ്റ്,
തിരുവനന്തപുരം
തീയതി. 26.12.2016
ഫോൺ-0471-2322825
excomoffice@yahoo.com
ecoffice.exe@kerala.gov

**സർക്കുലർ**

വിഷയം:-അബ്കാരി-സംസ്ഥാനത്തെ കള്ളുഷാപ്പുകളിൽ നിന്ന് ശേഖരിച്ച് പരിശോധിക്കുന്ന കള്ളിൽ അനുവദനീയമായ അളവിൽ നിന്നും വളരെയധികം കൂടുതലായി വീര്യം കണ്ടെത്തുന്നത് -സംബന്ധിച്ച്.

സൂചന:- ആലപ്പുഴ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ 02.12.2016 തീയ്യതി യിലെ എ1-6223/16 നമ്പർ കത്ത്.

നൂറനാട് റെയിഞ്ചിലെ V-ാം ഗ്രൂപ്പിലെ റ്റി.എസ്.നം. 25/16-17 "തത്തമുന്ന" I-ാം ഗ്രൂപ്പിലെ റ്റി.എസ്.നം. 1/16-17 "മങ്കാംകുഴി" എന്നീ കള്ളുഷാപ്പുകളിൽ നിന്നും ശേഖരിച്ച് പരിശോധിച്ച കള്ളുസാമ്പിളുകളിൽ യഥാക്രമം 16.59% V/v, 20.89% V/v വീര്യം കണ്ടെത്തിയിട്ടുള്ളതായി ആലപ്പുഴ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ സൂചന കത്ത് പ്രകാരം റിപ്പോർട്ട് ചെയ്തിരിക്കുന്നു. ഇത്തരത്തിൽ അനുവദനീയമായ അളവിൽനിന്നും വളരെ കൂടുതലായി വീര്യം കണ്ടെത്തുന്നത് കള്ള് ഷാപ്പുകളിലൂടെ സ്പിരിറ്റ് ചേർത്ത് വീര്യം കൂട്ടിയ വ്യാജകള്ള് വ്യാപകമായി നിർമ്മിച്ച് വിൽപ്പന നടത്തുന്നതായി അനുമാനിക്കേണ്ടിയിരിക്കുന്നു. ആകയാൽ കള്ള് ഷാപ്പുകളിലൂടെ വിൽപ്പന നടത്തുന്ന കള്ളിൽനിന്നും വ്യത്യസ്ത സമയങ്ങളിൽ നിരന്തരം സാമ്പിളുകൾ ശേഖരിച്ച് രാസപരിശോധനയ്ക്ക് അയക്കേണ്ടതും കള്ളുഷാപ്പുകളിലൂടെ ശുദ്ധമായ കള്ള് മാത്രമാണ് വിൽപ്പന നടത്തുന്നതെന്ന് ഉറപ്പ് വരുത്തേണ്ടതും കള്ള്ഷാപ്പ് പ്രവർത്തിക്കുന്ന കെട്ടിടവും പരിസര പ്രദേശങ്ങളും കള്ള് കടത്ത് പെർമിറ്റുള്ള വാഹനങ്ങളും പ്രത്യേകം നിരീക്ഷണത്തിൽ വെയ്ക്കേണ്ടതും നിയമവിരുദ്ധമായ പ്രവർത്തനങ്ങൾ കണ്ടെത്തിയാൽ അടിയന്തിര കർശന നടപടികൾ സ്വീകരിക്കേണ്ടതുമാണ്. തുടർന്നും ഇത്തരം സാഹചര്യം ശ്രദ്ധയിൽപ്പെട്ടാൽ പ്രസ്തുത ജില്ലയിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണ് എന്ന വിവരം അറിയിച്ചുകൊള്ളുന്നു.

എക്സൈസ് കമ്മീഷണർക്കു വേണ്ടി

പകർപ്പ്:

1.ജോയിന്റ് എക്സൈസ് കമ്മീഷണർമാർ,(മേഖലകൾ).
2. ഡെപ്യൂട്ടിഎക്സൈസ് കമ്മീഷണർമാർ (എല്ലാഡിവിഷനുകളും).
3.അസി: എക്സൈസ് കമ്മീഷണർ (എല്ലാഡിവിഷനുകളും).
4. എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ( എല്ലാം).
5. എക്സൈസ് ഇൻസ്പെക്ടർ (എല്ലാം).